# ഡെങ്കിപ്പനി – ചില യാഥാർത്ഥ്യങ്ങൾ

**ലത്തീഫ്**

**ഡങ്കിപ്പനി, ഡെങ്കപ്പനി (DENGUE FEVER)എന്നീ പേരുകളിൽ അറിയപ്പെടുന്ന രോഗം മലയാളികളുടെ ഉറക്കം കെടുത്തുകയും നിരവധി മരണങ്ങൾക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. 'ഡങ്ഗേ' എന്ന് വിളിക്കാവുന്ന ഈ രോഗം സന്ധിക സന്നിപാതം എന്ന് പൊതുവേ അറിയപ്പെടുന്നതാണ്. ഇംഗ്ലീഷിൽ DANDY FEVER എന്നും BREAK-BONE FEVER എന്നും പേരുള്ള ഈ രോഗം ഉഷ്ണമേഖലാ പ്രദേശങ്ങളിൽ കാണുന്ന പകർച്ചപ്പനികളിൽ ഒന്നാണ്. ഇത് ഒരു പുതിയ രോഗമാണെന്ന തരത്തിലാണ് മിക്ക മലയാള മാധ്യമങ്ങളും വാർത്തകൾ പ്രസിദ്ധീകരിക്കുന്നത്.**

സന്ധിക സന്നിപാതത്തിന്റെ ഇരകളായി ജീവൻ വെടിയേണ്ടിവരുന്നവരെ കുറിച്ചുള്ള വാർത്തകൾ ഈ അടുത്ത കാലത്തെ ദിനപ്പത്രങ്ങളിൽ നിറഞ്ഞിരുന്നു. മരണസംഖ്യയുടെ കൃത്യതകളെ കുറിച്ചുള്ള വിവാദങ്ങൾ സാധാരണ സംഭവിക്കുന്ന പകർച്ചവ്യാധികളുടേതുപോലെ ഇതിനേയും പിടികൂടിയതായി കാണാം. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വമുള്ള സർക്കാർ പ്രതിനിധികളും ഡോക്ടർമാരും അഡെഡസ് ഏജിപ്റ്റി(AEDES AEGYPTI) എന്ന കൊതുക് സമൂഹത്തിനെ പ്രതിക്കൂട്ടിലാക്കി തുരത്താൻ വായിട്ടടിക്കുകയും, മലയാളികളുടെ രോഗപ്രതിരോധശേഷി നഷ്ടപ്പെടുന്നതിനെ കുറിച്ച് നിശബ്ദരാകുകയും, പകർച്ചവ്യാധിയുടെ പേരിൽ കൊള്ളലാഭത്തിന് കച്ചകെട്ടിയിറങ്ങുന്ന വൻകിട മരുന്നുകമ്പനികൾക്ക് സൗകര്യമൊരുക്കുകയും ചെയ്യുന്നതിന്റെ തെളിവുകളാണ് മാധ്യമങ്ങളിൽ ദൃശ്യമായത്.

നൂറ്റാണ്ടുകളായി വൈദ്യശാസ്ത്രം നിരവധി കൊതുക സമൂഹങ്ങളേയും വിഷാണുക്കളേയും (VIRUS) വംശനാശം വരുത്തി വിജയം നേടാൻ ശ്രമിക്കുന്നുണ്ട്. കോടികൾ മുടക്കിയിട്ടും ടൺ കണക്കിന് മാരകവിഷങ്ങൾ പ്രയോഗിച്ചിട്ടും കൊതുകുകളുടേയും വിഷാണുക്കളുടേയും മേൽ വംശനാശവിജയം നേടാൻ കഴിയാത്തതിൽ നാം ദുഃഖിക്കേണ്ടതില്ല. ഉന്മൂലനം ചെയ്യപ്പെട്ടു എന്ന് പറയപ്പെടുന്ന പകർച്ചവ്യാധികളും വിഷാണുക്കളും തിരിച്ചു വരുമെന്ന് തത്വചിന്തകനായ എറിക് ഫ്രോം ദശകങ്ങൾക്കു മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവവൈവിധ്യത്തിന്റെ അനന്തനിധിയായ പ്രകൃതിയിൽ നിലനിൽക്കുന്ന ജീവജാലങ്ങളെ കുറിച്ച് മനുഷ്യന്റെ ആധുനിക ശാസ്ത്രത്തിനുള്ള അറിവ് വളരെ പരിമിതമാണെന്ന തിരിച്ചറിവും എറിക് ഫ്രോമിന്റെ അഭിപ്രായവും കൂട്ടിവായിച്ചാൽ കൊതുക സംഹാരശ്രമങ്ങളുടെ വിഢ്ഢിത്തം തിരിച്ചറിയാം. ഉദാഹരണത്തിന്, കൊതുകുകൾ അടങ്ങുന്ന പ്രാണിവർഗ്ഗത്തിൽ 80 ലക്ഷത്തോളം ഗണങ്ങൾ (SPECIES) പ്രകൃതിയിൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇതിൽ വെറും ഒമ്പതര ലക്ഷം ഗണങ്ങളെ കുറിച്ചു മാത്രമാണ് ശാസ്ത്രത്തിന് അറിവുള്ളത്. 5 ലക്ഷം ഉണ്ടാകുമെന്ന് കരുതുന്ന വിഷാണു ഗണങ്ങളിൽ വെറും 5000 ഗണങ്ങളെ കുറിച്ചുമാത്രമാണ് വർഗ്ഗീകരണ ശാസ്ത്രജ്ഞർക്ക് (TAXONOMISTS) അറിവുള്ളത്. അതായത്, ലോകത്തുള്ള വിഷാണുക്കളെ കുറിച്ചും പ്രാണികളെ കുറിച്ചും നമ്മുടെ ശാസ്ത്രത്തിന് കാര്യമായ അറിവില്ല. അറിവുണ്ടായിട്ടുവേണമല്ലോ സംഹാരത്തിനു പുറപ്പെടാൻ!

സന്ധിക സന്നിപാതപ്പനി ഉഷ്ണമേഖലാ പ്രദേശങ്ങളിൽ അടുത്ത കാലത്തായി വർദ്ധിക്കുന്നതായി തെളിവുകളുണ്ട്. ഇതിന്റെ ഫലമായിരിക്കാം ഇന്ന് കേരളത്തിന് സംഭവിക്കുന്നത്. അസാധാരണമായ ഈ വർദ്ധനവിന് ഒരു കാരണം കാലാവസ്ഥയിൽ സംഭവിക്കുന്ന വ്യതിയാനമായിരിക്കാം എന്ന് ശാസ്ത്രലോകത്തിന് തോന്നിത്തുടങ്ങിയിട്ടുണ്ട്. ആഗോളപരിസ്ഥിതി പദ്ധതിയും (GLOBAL ENVIRONMENT FACILITY) മൂന്നാംലോക ശാസ്ത്ര അക്കാദമിയും (THIRD WORLD ACADEMY OF SCINCES, TRIESTE,ITALY) ചേർന്ന് കരീബിയൻ മേഖലയിൽ നടത്തുന്ന പരീക്ഷണങ്ങളിൽ കാലാവസ്ഥാമാറ്റവും ഡങ്ഗേ പനിയും തമ്മിലുള്ള ബന്ധത്തിന്റെ വിശദാംശങ്ങളാണ് അന്വേഷിക്കുന്നത്.

ഈ പദ്ധതിയിൽ പഠനം നടത്തുന്ന വെസ്റ്റ് ഇൻഡീസ് സർവ്വകലാശാലയിലെ അന്തരീക്ഷ ഊർജ്ജതന്ത്ര പ്രയോഗ വിഭാഗത്തിലെ പ്രൊഫസർ ANTHONY CHEN പറയുന്നത് ഇപ്രകാരം: "ആഗോള പകർച്ചവ്യാധിയായി ആദ്യം ഇത് രേഖപ്പെടുത്തപ്പെട്ടത് 18-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലാണ്. ഇതിൽ നിന്ന് വ്യക്തമാകുന്നത് വിമാനം ഉപയോഗത്തിൽ വരുന്നതിന് 150 വർഷം മുമ്പ് ഈ രോഗം ആഗോളയാത്ര നടത്തിയെന്നാണ്. ഒരേ സമയം ഏഷ്യയിലും ആഫ്രിക്കയിലും ഉത്തര അമേരിക്കയിലും ഈ പകർച്ചവ്യാധി രംഗത്ത് വന്നിരുന്നു"

പക്ഷേ, ഇന്ന് കാണുന്ന ഈ പകർച്ചവ്യാധിയുടെ ആക്രമണ രൂപവും ഇതിന്റെ കഴിഞ്ഞ കാല ചരിത്രവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. 20-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടം വരെയുള്ള ഈ പകർച്ചവ്യാധിയുടെ ചരിത്രം സൂചിപ്പിക്കുന്നത് ഇത് പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നുവെങ്കിലും ലഘുവായ തോതിലായിരുന്നു എന്നാണ്. ഇതിനു പുറമേ, 30-40 വർഷത്തെ ഇടവേളകൾ ഉണ്ടായിരുന്നതായിട്ടാണ് ചരിത്രരേഖകളിൽ കാണുന്നത്. ആ കാലഘട്ടത്തിൽ വിഷാണു വാഹകരായ കൊതുകുകൾ സഞ്ചരിച്ചിരുന്നത് ഭൂഖണ്ഡാന്തര യാത്രകൾ നടത്തിയിരുന്ന കപ്പലുകളിലാണ്. ഇവ തീരങ്ങളിലെത്താൻ മാസങ്ങൾ എടുക്കുമായിരുന്നു. ഏതെങ്കിലും തുറമുഖത്തുനിന്ന് കപ്പലിൽ കയറുന്ന കൊതുകുകൾ അടുത്ത തുറമുഖത്ത് എത്തുന്നത് വളരെ വിരളമായിരുന്നു.

ഈ പദ്ധതിയിൽ പങ്കാളികളായ ട്രിനിഡാഡിൽ പ്രവർത്തിക്കുന്ന കരീബിയൻ പകർച്ചവ്യാധി കേന്ദ്രത്തിലെ ഡോ. സാം റോളിൻസ് പറയുന്നു: "രണ്ടാം ലോകയുദ്ധത്തിനു ശേഷം ആദ്യമായി ഈ പകർച്ചവ്യാധി ദൃശ്യമായത് 1950കളിലായിരുന്നു. തെക്കുകിഴക്കൻ ഏഷ്യയിലായിരുന്നു ഇത് പടർന്നുപിടിച്ചത്. ഇതിനെ തുടർന്ന്, ഈ രോഗം ഏഷ്യയുടെ മറ്റു ഭാഗങ്ങളിലേക്കും ആഫ്രിക്കയിലേക്കും, മധ്യ അമേരിക്കയിലേക്കും വടക്കേ അമേരിക്കയിലേക്കും വ്യാപിച്ചു. തുടർച്ചയായുള്ള വാർഷിക ആവർത്തനങ്ങളും, വ്യാധിയുടെ ശക്തിവർദ്ധനവും ദൃശ്യമാകാൻ തുടങ്ങി. വടക്കുകിഴക്കൻ ഏഷ്യയിൽ കുട്ടികൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നതിന്റേയും കുട്ടികളുടെ മരണത്തിന്റെയും ഒരു മുഖ്യ കാരണം ഈ പകർച്ച വ്യാധിയാണ്"

"കൊതുകുകൾ വ്യാപനം നടത്തുന്ന വിഷാണു രോഗങ്ങളിൽ മുഖ്യസ്ഥാനത്ത് എത്തിയിരിക്കുകയാണ് ഈ പകർച്ചവ്യാധി. ശക്തിയിലും വ്യാപനത്തിലും മലമ്പനിയേക്കാൾ മുന്നിൽ എത്തിയിരിക്കുകയാണ്" ഇതെന്ന് റോളിൻസ് പറയുന്നു. ഏകദേശം 2500 ദശലക്ഷം ജനങ്ങൾ അപകട മേഖലയിലാണ്; ഓരോ വർഷവും 50-100 ദശലക്ഷം ജനങ്ങൾ ഈ പകർച്ചവ്യാധിയുടെ വ്യാപാരം ഏൽക്കേണ്ടിവരുന്നു. മിക്ക രാജ്യങ്ങളിലും, രോഗം ബാധിച്ചവരിൽ ഏകദേശം 5% മരണമടയുന്നു- ഇതിൽ കുട്ടികളും യുവാക്കളുമാണ് ഏറ്റവും മുന്നിൽ.

1990കൾ തൊട്ട് ഈ പകർച്ചവ്യാധിയുടെ നാടകീയമായ ഉയർച്ച കണ്ടത് അമേരിക്കൻ ഭൂഖണ്ഡത്തിലും കരീബിയൻ ദ്വീപുകളിലുമാണ്. ഈ മേഖലകളിൽ ഡങ്ഗേ പനിയുടെ സാധാരണ കാണപ്പെടുന്ന നാല് വ്യത്യസ്ത രൂപങ്ങളും ദൃശ്യമായിട്ടുണ്ട്. ഏറ്റവും അവസാനം ഈ മേഖലയിൽ കണ്ടത് ഡങ്ഗേ-3 (രക്ത ദ്രവത്തിന്റെ -SEROTYPE- അടിസ്ഥാനത്തിലാണ് നാല് രൂപങ്ങൾ) പുനർവിന്യസിക്കപ്പെടുന്നതാണ്. ഈ രൂപം 20 വർഷമായി ഈ മേഖലയിൽ കണ്ടിരുന്നില്ല എന്ന് റോളിൻസ് പറയുന്നു.

(തുടരും)